TALENT
PSC Academy
a Veranda Enterprise

# LDC EXAM 2024 TRIVANDRUM DISTRICT

27-07-2024

## QUESTION PAPER

CODE
A

1. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ കാലഗണനാക്രമം ഏത് ?

   i. വൈക്കം സത്യാഗ്രഹം

   ii. ചാന്നാർ ലഹള

   iii. ക്ഷേത്രപ്രവേശന വിളംബരം

   iv. മലബാർ കലാപം

   A) i, ii, iv, iii
   B) ii, iv, i, iii
   C) iv, ii, i, iii
   D) ii, i, iv, iii

2. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായവ കണ്ടെത്തുക.

   i. ''പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക'' എന്നത് ക്വിറ്റ് ഇന്ത്യാ സമരത്തിലെ മുദ്രാവാക്യമാണ്.

   ii. ജാലിയൻവാലാബാഗ് ദുരന്തം നടന്നത് 1921ഏപ്രിൽ 13 നാണ്.

   iii. 1948 ജനുവരി 20-ന് ഗാന്ധിജിയുടെ നേരെ ഒരു വധശ്രമം നടന്നു.

   iv. രണ്ടാം വട്ടമേശ സമ്മേളനം 1931 സെപ്റ്റംബറിൽ ലണ്ടനിൽ വെച്ച് നടന്നു.

   A) i ഉം ii ഉം iii ഉം
   B) ii മാത്രം
   C) i ഉം iii ഉം iv ഉം
   D) iii ഉം iv ഉം

3. താഴെ കൊടുത്ത പ്രസ്താവനകളിൽ നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷനുമായി (NATO) ബന്ധമില്ലാത്തത് ഏത് ?

   i. 1949-ലാണ് ഇത് സ്ഥാപിതമായത്.

   ii. ഇതിന്റെ ആസ്ഥാനം ജനീവ ആണ്.

   iii. ഇതിൽ അവസാനമായി ചേർന്ന രാജ്യം സ്വീഡൻ ആണ്.

   iv. റഷ്യാ യുക്രയിൽ യുദ്ധത്തിന് കാരണമായത് ഈ സംഘടനയിൽ ചൈനയുടെ അംഗത്വ പ്രവേശനമാണ്.

   A) i മാത്രം
   B) i ഉം ii ഉം
   C) iv മാത്രം
   D) ii ഉം iv ഉം

4. താഴെ കൊടുത്ത ജോടികളിൽ തെറ്റായ ജോടി ഏത് ?

i. റോബസ്പിയർ – ജാക്കോബിൻ ക്ലബ്ബ്

ii. ഏപ്രിൽ തിസീസ് – വി. ഐ. ലെനിൻ

iii. സ്പിരിറ്റ് ഓഫ് ലോ – വോൾട്ടയർ

iv. ലോംഗ് മാർച്ച് – മാവോ സേതൂങ്ങ്

A) iii മാത്രം
B) i ഉം iii ഉം
C) i മാത്രം
D) ii ഉം iv ഉം

5. താഴെ കൊടുത്തവയിൽ ഖാൻ അബ്ദുൽ ഗഫാർ ഖാനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

i. അതിർത്തി ഗാന്ധി എന്ന പേരിൽ അറിയപ്പെടുന്നു.

ii. 1988 ജനുവരി 20-ന് അന്തരിച്ചു.

iii. 1987-ൽ ഭാരതരത്നം ലഭിച്ചു.

iv. ഖുദായ് ഖിദ്മത്ത് ഗാർ എന്ന സംഘടന രൂപീകരിച്ചു.

A) i ഉം iv ഉം
B) ii ഉം iii ഉം
C) iv മാത്രം
D) എല്ലാം

6. സ്വാതന്ത്ര്യാനന്തരം സംസ്ഥാന പുന:സംഘടനാ കമ്മീഷൻ രൂപീകരിച്ചു. ഇതുമായി ബന്ധപ്പെട്ട താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയേത് ?

i. ഇത് രൂപീകരിച്ചത് 1953-ലാണ്.

ii. ഇത് ഷാ കമ്മീഷൻ എന്ന പേരിലും അറിയപ്പെടുന്നു.

iii. ഫസൽ അലി, എച്ച്. എൻ. കുൻസ്രു എന്നിവർ ഇതിൽ അംഗങ്ങളായിരുന്നു.

iv. ഈ കമ്മീഷന്റെ നിർദ്ദേശപ്രകാരം ആദ്യം രൂപീകരിച്ച സംസ്ഥാനം ആന്ധ്രപ്രദേശ് ആണ്.

A) i ഉം ii ഉം
B) ii മാത്രം
C) iii ഉം iv ഉം
D) i ഉം iii ഉം iv ഉം

7. താഴെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവനകൾ ഏതെല്ലാം ?

i. അന്തരീക്ഷത്തിന്റെ ഏറ്റവും താഴത്തെ പാളി സ്ട്രാറ്റോസ്ഫിയർ എന്നറിയപ്പെടുന്നു.

ii. നൈട്രസ് ഓക്സൈഡ് ($N_2O$) ഒരു ഹരിതഗൃഹവാതകമാണ്.

iii. ഗ്രാനൈറ്റ് ഒരു തരം അവസാദശിലയാണ്.

iv. അളകനന്ദ, ഭഗീരഥി എന്നീ നദികൾ ദേവപ്രയാഗിൽ വച്ച് കൂടിച്ചേരുന്നു.

A) i, ii എന്നിവ
B) i, iii എന്നിവ
C) ii, iv എന്നിവ
D) ii, iii എന്നിവ

8. താഴെപ്പറയുന്നവയിൽ ഇന്ത്യൻ മഹാസമുദ്രത്തിലെ സമുദ്രജലപ്രവാഹമേത് ?

A) ബംഗ്വേല പ്രവാഹം
B) കുറോഷിവോ പ്രവാഹം
C) ഗൾഫ് സ്ട്രീം
D) അഗുൾഹാസ് പ്രവാഹം

9. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

i. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തേക്കാൾ അഞ്ചര മണിക്കൂർ മുന്നിലാണ്.

ii. തമിഴ്നാട്ടിലെ കൂടംകുളത്ത് ഒരു ഭൗമതാപോർജ്ജ നിലയം സ്ഥിതി ചെയ്യുന്നു.

iii. ഗുജറാത്തിന്റെ തലസ്ഥാനം അഹമ്മദാബാദ് ആണ്.

iv. സത്‌ലജ് സിന്ധുനദിയുടെ പോഷകനദിയാണ്.

A) i, ii എന്നിവ
B) ii, iv എന്നിവ
C) i, iv എന്നിവ
D) ii, iii എന്നിവ

10. ഉഷ്ണമേഖലാ ചുഴലിക്കാറ്റുകൾ അറ്റ്ലാന്റിക് മേഖലയിൽ എന്തുപേരിൽ അറിയപ്പെടുന്നു ?

A) സൈക്ലോൺ
B) വില്ലിവില്ലീസ്
C) ടൈഫൂൺ
D) ഹരിക്കെയ്ൻ

11. കൊല്ലം മുതൽ കോട്ടപ്പുറം വരെ നീണ്ടുകിടക്കുന്ന ദേശീയജലപാത ഏത് ?

A) എൻ. ഡബ്ല്യൂ. 1
B) എൻ. ഡബ്ല്യൂ. 2
C) എൻ. ഡബ്ല്യൂ. 3
D) എൻ. ഡബ്ല്യൂ. 4

12. 2024-ലെ ലോകപരിസ്ഥിതി ദിനാഘോഷങ്ങൾക്ക് ആതിഥ്യം വഹിച്ച രാജ്യമേത് ?

A) ചൈന
B) സൗദി അറേബ്യ
C) ബ്രിട്ടൻ
D) ഇന്ത്യ

13. ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ ഭാഗമല്ലാത്ത പ്രസ്താവന ഏത് ?

i. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കാർഷികോത്പ്പാദനത്തിൽ വൻ വർദ്ധനവ് സൃഷ്ടിച്ചു.

ii. ഭക്ഷ്യോത്പ്പാദന രംഗത്ത് ഇന്ത്യ സ്വയംപര്യാപ്തത കൈവരിച്ചു.

iii. ജലസേചന സൗകര്യങ്ങൾ, അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ, രാസവളങ്ങൾ, രാസകീടനാശിനികൾ എന്നിവ വ്യാപകമായി ഉപയോഗിക്കപ്പെട്ടു.

iv. ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ ഹരിതവിപ്ലവം ആരംഭിച്ചു.

A) പ്രസ്താവനകൾ ii, iii, iv ശരിയാണ് പ്രസ്താവന i ശരിയല്ല
B) പ്രസ്താവനകൾ i, iii, iv ശരിയാണ് പ്രസ്താവന ii ശരിയല്ല
C) പ്രസ്താവനകൾ i, ii, iv ശരിയാണ് പ്രസ്താവന iii ശരിയല്ല
D) പ്രസ്താവനകൾ i, ii, iii ശരിയാണ് പ്രസ്താവന iv ശരിയല്ല

14. ഗോതമ്പ്, നെല്ല്, ചോളം, പയർ വർഗ്ഗങ്ങൾ എന്നിവ ഇന്ത്യയിലെ പ്രധാന നാല് ഭക്ഷ്യവിളകളാണ്. 2022-23-ലെ കണക്കുകൾ പ്രകാരം ഇവയുടെ ഉത്പാദനത്തിന്റെ തോതനുസരിച്ചുള്ള ശരിയായ സ്ഥാനക്രമം കണ്ടെത്തുക.

| സ്ഥാനം | ഭക്ഷ്യവിളകൾ |
|---|---|
| 1 | a. ഗോതമ്പ് |
| 2 | b. നെല്ല് |
| 3 | c. ചോളം |
| 4 | d. പയർ വർഗ്ഗങ്ങൾ |

A) 1 – a, 2 – b, 3 – c, 4 – d
B) 1 – b, 2 – a, 3 – c, 4 – d
C) 1 – b, 2 – a, 3 – d, 4 – c
D) 1 – a, 2 – b, 3 – d, 4 – c

15. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് രണ്ടു പ്രസ്താവനകൾ നല്കിയി രിക്കുന്നു.
ഇവയെ സംബന്ധിച്ചുള്ള ശരിയായ ഓപ്ഷൻ കണ്ടെത്തുക.

**പ്രസ്താവന** i. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു പ്രധാന പണനയ ഉപാധി യാണ് റീപ്പോ റേറ്റ്.

**പ്രസ്താവന** ii. 2024 ഏപ്രിൽ മാസത്തിൽ ചേർന്ന റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പണനയ സമിതി റീപ്പോ റേറ്റ് 6.50 ശതമാനമായി നിലനിർത്താൻ തീരുമാനിച്ചു.

A) പ്രസ്താവനകൾ i, ii ശരിയാണ്

B) പ്രസ്താവന i ശരിയാണ് പ്രസ്താവന ii ശരിയല്ല

C) പ്രസ്താവന ii ശരിയാണ് പ്രസ്താവന i ശരിയല്ല

D) പ്രസ്താവനകൾ i, ii ശരിയല്ല

16. ഇന്ത്യൻ സമ്പദ്ഘടനയെ സ്വാധീനിച്ച ചില പ്രധാന നയങ്ങൾ താഴെ നല്കിയിരി ക്കുന്നു. കാലഗണനയനുസരിച്ചു ഇവയുടെ ശരിയായ ക്രമം ഏത് ?

i. ബാങ്ക് ദേശസാൽക്കരണം

ii. ആസൂത്രണകമ്മീഷൻ രൂപീകരണം

iii. 500, 1000 നോട്ടുകളുടെ നിരോധനം

iv. ഭൂപരിഷ്കരണം

A) i, ii, iii, iv

B) ii, i, iii, iv

C) ii, iii, i, iv

D) ii, iv, i, iii

17. നൽകിയിരിക്കുന്ന പ്രസ്താവനകൾ ശ്രദ്ധിച്ചു ശരിയായ ഓപ്ഷൻ തെരഞ്ഞെടുക്കുക.

**പ്രസ്താവന** 1. സാമ്പത്തിക വളർച്ച കൈവരിക്കുക എന്നത് പഞ്ചവത്സര പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു.

**പ്രസ്താവന** 2. രാഷ്ട്രത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അടിത്തറപാകിയതും ത്വരിത പ്പെടുത്തിയതുമായ നിരവധി പദ്ധതികൾ 12 പഞ്ചവത്സര പദ്ധതി കളിലൂടെ രാജ്യത്തു നടപ്പിലാക്കി.

A) പ്രസ്താവനകൾ 1 ഉം 2 ഉം ശരിയാണ്. പ്രസ്താവന 2 പ്രസ്താവന 1 ന്റെ വിശദീകരണമാണ്

B) പ്രസ്താവനകൾ 1 ഉം 2 ഉം ശരിയാണ്. പ്രസ്താവന 2 പ്രസ്താവന 1 ന്റെ വിശദീകരണമല്ല

C) പ്രസ്താവന 2 ശരിയാണ് പ്രസ്താവന 1 ശരിയല്ല

D) പ്രസ്താവന 1 ശരിയാണ് പ്രസ്താവന 2 ശരിയല്ല

18. നീതി ആയോഗിന്റെ ചില സംരംഭങ്ങളും (initiatives) അവയുടെ ലക്ഷ്യങ്ങളും താഴെ നൽകിയിരിക്കുന്നു. ഓരോ സംരംഭത്തിന്റെയും ലക്ഷ്യത്തെ സൂചിപ്പിക്കുന്ന ഓപ്ഷൻ കണ്ടെത്തുക.

| സംരംഭം | ലക്ഷ്യം |
|---|---|
| i. അടൽ ഇന്നോവേഷൻ മിഷൻ | a. ഇലക്ട്രിക്ക് വാഹനങ്ങൾ പ്രോത്സാഹിപ്പിച്ചു വായു മലിനീകരണം കുറയ്ക്കുക |
| ii. മെഥനോൾ സമ്പദ്ഘടന | b. സംരംഭകത്വം, നവീന ആശയ രൂപീകരണം എന്നിവ ത്വരിതപ്പെടുത്തുക |
| iii. സഹകരണ ഫെഡറലിസം | c. എണ്ണ ഇറക്കുമതി ബിൽ (ചെലവ്) കുറയ്ക്കുക |
| iv. ശൂന്യാ ക്യാമ്പയിൻ | d. സംസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക |

A) i – a, ii – b, iii – c, iv – d

B) i – a, ii – c, iii – b, iv – d

C) i – b, ii – c, iii – d, iv – a

D) i – b, ii – c, iii – a, iv – d

19. 1991- ൽ ഇന്ത്യ നടപ്പിലാക്കിയ പുത്തൻ സാമ്പത്തിക നയവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

i. സ്വാശ്രയത്വം പ്രോത്സാഹിപ്പിച്ചു വിദേശ സഹായം പരമാവധി കുറയ്ക്കുക.

ii. ഇന്ത്യൻ സമ്പദ്ഘടനയെ ഉദാരവൽക്കരിച്ചു ആഗോള കമ്പോളവുമായി സംയോജിപ്പിക്കുക.

iii. പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുക.

iv. ഇറക്കുമതി പരമാവധി കുറച്ചു തദ്ദേശീയ വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുക.

A) പ്രസ്താവനകൾ i, ii ശരിയാണ് പ്രസ്താവനകൾ iii, iv ശരിയല്ല

B) പ്രസ്താവനകൾ i, iii ശരിയാണ് പ്രസ്താവനകൾ ii, iv ശരിയല്ല

C) പ്രസ്താവനകൾ i, iv ശരിയാണ് പ്രസ്താവനകൾ ii, iii ശരിയല്ല

D) പ്രസ്താവനകൾ ii, iii ശരിയാണ് പ്രസ്താവനകൾ i, iv ശരിയല്ല

20. ഇന്ത്യൻ ഭരണഘടന ഡ്രാഫ്റ്റിങ് കമ്മറ്റിയെ കുറിച്ച് ശരിയായ വസ്തുത താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ?

1. ഡോ. ബി. ആർ. അംബേദ്കർ അദ്ധ്യക്ഷൻ.
2. ഭരണഘടനക്ക് അംഗീകാരം നൽകി.
3. 7 അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കപ്പെട്ട കമ്മറ്റി.
4. 1946 ആഗസ്റ്റ് 29-ന് ഈ സമിതി രൂപീകരിച്ചു.

A) 1, 3 ശരി
B) 4, 2 ശരി
C) 1 മുതൽ 4 വരെ ശരി
D) 2 മുതൽ 4 വരെ ശരി

21. സാർവ്വത്രിക വോട്ടവകാശം മത്സരിക്കാനുള്ള അവകാശം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്നതിൽ ഏറ്റവും അനുയോജ്യമായ വസ്തുതകൾ ഏതാണ് ?

1. സാർവ്വത്രിക വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ വേണം ലോകസഭാ നിയമസഭാ തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതെന്ന് വകുപ്പ് 326-ൽ പ്രതിപാദിക്കുന്നു.
2. വകുപ്പ് 331-ൽ സാർവ്വത്രിക വോട്ടവകാശത്തെ കുറിച്ച് പറയുന്നു.
3. 1989-ൽ 61-ാം ഭേദഗതിയിലൂടെ വോട്ടവകാശത്തിനുള്ള പ്രായം 21 ൽ നിന്നും 18 ആയി കുറച്ചു.
4. 1989-ലെ 62-ാം ഭേദഗതിയിലൂടെ വോട്ടിങ് പ്രായം കുറച്ചു.

A) 2, 4 ശരി
B) 1, 2 മാത്രം ശരി
C) 1 മുതൽ 4 വരെ ശരി
D) 1, 3 ശരി

22. രാജ്യസഭയുടെ പ്രത്യേക അധികാരങ്ങളെ സംബന്ധിക്കുന്ന ശരിയായ പ്രസ്താവന ഏതാണ് ?

1. സംസ്ഥാനങ്ങളെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളും രാജ്യസഭയുടെ അംഗീകാരത്തിനും പരിഗണനക്കും വിടണം.
2. സംസ്ഥാന പട്ടികയിലെ വിഷയങ്ങൾ രാജ്യത്തിന്റെ പൊതു താല്പര്യം പരിഗണിച്ചു യൂണിയൻ ലിസ്റ്റിലോ കൺകറന്റ് ലിസ്റ്റിലോ മാറ്റണമെങ്കിൽ അതിന് രാജ്യസഭയുടെ അംഗീകാരം വേണം.
3. സംസ്ഥാന പട്ടികയിലെ വിഷയങ്ങൾ രാജ്യത്തിന്റെ പൊതു താല്പര്യം പരിഗണിച്ചു യൂണിയൻ ലിസ്റ്റിലേക്ക് മാറ്റുന്നതിന് രാജ്യസഭയുടെ അംഗീകാരം ആവശ്യമില്ല.
4. സംസ്ഥാനത്തെ സംബന്ധിച്ചുള്ള വിഷയങ്ങൾ മാറ്റുന്നതിന് രാഷ്ട്രപതിക്ക് രാജ്യസഭയിൽ പ്രത്യേക അധികാരം ഉണ്ട്.

A) 3, 4 ശരി
B) 1, 2 ശരി
C) 1 മുതൽ 4 വരെ ശരി
D) 1 മാത്രം ശരി

23. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഘടനയെ കുറിച്ചുള്ള ഉചിതമായ പ്രസ്താവന ഏതാണ് ?

1. മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ചെയർമാൻ.
2. മുൻ സുപ്രീം കോടതി ജഡ്ജി, മുൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ് അംഗങ്ങളായി വരുന്നു.
3. മുൻ ഹൈക്കോടതി ജഡ്ജിമാർ ആയിട്ടുള്ള രണ്ട് പേർ എക്സ് ഒഫീഷ്യോ അംഗങ്ങൾ ആയി വരുന്നു.
4. മനുഷ്യാവകാശങ്ങളെ സംബന്ധിച്ചുള്ള വിഷയങ്ങളിൽ അറിവും പ്രായോഗിക പരിചയമുള്ള രണ്ട് പേർ അംഗങ്ങളായി വരുന്നു.

A) 1, 2, 4 ശരി
B) 3, 4 ശരി
C) 1 മുതൽ 4 വരെ ശരി
D) 1, 2 മാത്രം ശരി

24. ഇപ്പോഴത്തെ കേന്ദ്ര യുവജനകാര്യ-കായികവകുപ്പ് കൈകാര്യം ചെയ്യുന്നതാര് ?

1. മാൻസുഖ് മാണ്ഡവ്യ
2. ശ്രീ. ജി. കിഷൻ റെഡ്ഡി
3. ഡോക്ടർ മഹേന്ദ്ര നാഥ് പാണ്ഡേ
4. ശ്രീ. ഭൂപേന്ദർയാദവ്

A) 2 ശരി
B) 3 ശരി
C) 1 ശരി
D) 4 ശരി

25. ഇന്ത്യയുടെ രാഷ്ട്രപതിയായ ദ്രൗപതി മുർമുവിനെ സംബന്ധിക്കുന്ന ശരിയായ പ്രസ്താവനകൾ ഇവയിൽ ഏതാണ് ?

1. പതിനഞ്ചാമത്തെ പ്രസിഡന്റ്.
2. പതിനാലാമത്തെ പ്രസിഡന്റ്.
3. 2015 മുതൽ 2021 വരെ ജാർഖണ്ഡ് ഗവർണർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്.
4. 2015 മുതൽ 2021 വരെ ഒഡീഷ ഗവർണർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

A) 1 മുതൽ 4 വരെ ശരി
B) 1, 3 ശരി
C) 2, 4 ശരി
D) 2, 3 ശരി

26. 2023-ലെ ഇൻഡ്യൻ റിപ്പബ്ലിക്ക് ദിനാഘോഷത്തിൽ മുഖ്യ അതിഥി ആയിരുന്ന അബ്ദുൽ ഫത്താഹ് അൽ-സിസി ഏതു രാജ്യത്തെ പ്രസിഡന്റ് ആണ് ?

1. അറബ് റിപ്പബ്ലിക്ക് ഓഫ് ഈജിപ്ത്
2. ഇറാക്ക്
3. ദക്ഷിണാഫ്രിക്ക
4. ശ്രീലങ്ക

A) 2 ശരി
B) 3 ശരി
C) 4 ശരി
D) 1 ശരി

27. സ്നേഹ സാന്ത്വനം പദ്ധതി ആർക്കാണ് നൽകി വരുന്നത് ?

1. സംസ്ഥാനത്തെ എൻഡോ സൾഫാൻ ഇരകൾക്കുള്ള പ്രതിമാസ ധനസഹായം.
2. കുഷ്ഠരോഗികൾക്കു നൽകുന്ന പ്രതിമാസ ധനസഹായം.
3. പ്രമേഹ ബാധിതരായ കുട്ടികൾക്ക് നൽകുന്ന ധനസഹായം.
4. സിക്കിൾസ് അനീമിയ രോഗികൾക്ക് നൽകുന്ന ധനസഹായം.

A) 1 ശരി
B) 2 ശരി
C) 3 ശരി
D) 4 ശരി

28. 2012-ലെ പോക്സോ നിയമവുമായി ബന്ധപ്പെട്ടു താഴെ പറയുന്ന പ്രസ്താവനകളിൽ ഏറ്റവും യോജിക്കുന്ന പ്രസ്താവനകൾ ഏതൊക്കെയാണ് ?

1. പോക്സോ നിയമം വകുപ്പ് 28 അനുസരിച്ചു ഓരോ ജില്ലയിലും ശിശു സൗഹാർദ്ദത്തിനു പ്രാധാന്യം നൽകി പ്രത്യേക കോടതി സ്ഥാപിക്കണം.
2. പോക്സോ നിയമത്തിലെ 27 വകുപ്പ് ലൈംഗിക കുറ്റകൃത്യങ്ങൾക്ക് വിധേയ രാകുന്ന കുട്ടികളെ അടിയന്തിര വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കണം.
3. പോക്സോ കേസുകളിൽ കുട്ടിയുടെ മൊഴി എടുക്കുമ്പോൾ പോലീസ് ഓഫീസർ ഔദ്യോഗിക വേഷത്തിൽ ആകരുത്.
4. പോക്സോ കേസുകളിൽ കുട്ടിയുടെ മൊഴി എടുക്കുമ്പോൾ പോലീസ് ഓഫീസർ ഔദ്യോഗിക വേഷത്തിൽ ആയിരിക്കണം.

A) 1, 2 മാത്രം ശരി
B) 3, 4 ശരി
C) 1, 2, 3 ശരി
D) 1 മുതൽ 4 വരെ ശരി

29. വാത്സല്യ നിധി പദ്ധതിയെ സംബന്ധിക്കുന്ന ഏറ്റവും യോജിക്കുന്ന പ്രസ്താവന ഏതാണ് ?

1. പട്ടികജാതി വിഭാഗങ്ങളിൽ ഉൾപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഒരു ലക്ഷം വരെ വരുമാന പരിധിയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് നൽകുന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര പദ്ധതി.
2. ഒ. ബി. സി. വിഭാഗത്തിലുള്ള പെൺകുട്ടികൾക്ക് നൽകുന്ന ധനസഹായം.
3. പട്ടികജാതി വകുപ്പും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി.
4. 'അമ്മ തൊട്ടിലിൽ' ജനിക്കുന്ന കുട്ടികൾക്ക് നൽകുന്ന ഒറ്റ തവണ ധനസഹായം.

A) 2 ശരി
B) 1, 4 ശരി
C) 1 മാത്രം
D) 1, 3 ശരി

30. വിദ്യാജ്യോതി പദ്ധതിയുമായി ബന്ധപ്പെട്ടു താഴെ പറയുന്നതിൽ ഏറ്റവും അനുയോജ്യമായത് ഏതാണ് ?

1. കേരള സാമൂഹ്യ നീതി വകുപ്പ് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയത്.
2. ഭിന്നശേഷിയുള്ള വിഭാഗത്തിലെ കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർച്ചയിലേക്കു കൊണ്ടുവരുന്നതിന്.
3. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന കർമ്മ പരിപാടി.
4. ആദിവാസി വിഭാഗത്തിലുള്ള കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ പദ്ധതി.

A) 3, 4 ശരി
B) 1, 2 ശരി
C) 2, 3, 4 ശരി
D) 4 ശരി

31. കേരള സംസ്ഥാനത്തിലെ ഇപ്പോഴത്തെ യുവജനകാര്യ കമ്മീഷൻ ചെയർമാൻ ആരാണ് ?

1. ചിന്താ ജെറോം
2. ശ്രീ. എം. ഷാജർ
3. അഡ്വക്കേറ്റ് കെ. അരുൺകുമാർ
4. ശ്രീ. എം. സ്വരാജ്

A) 2 ശരി
B) 1 ശരി
C) 3 ശരി
D) 4 ശരി

32. ഇപ്പോഴത്തെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആരാണ് ?

1. ജസ്റ്റിസ് ആശിഷ് ജിതേന്ദ്ര ദേശായ്
2. ജസ്റ്റിസ് മുഹമ്മദ് മുസ്താഖ്
3. ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ
4. ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ

A) 3 ശരി
B) 4 ശരി
C) 2 ശരി
D) 1 ശരി

33. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മഴ മുന്നറിയിപ്പിനെ സംബന്ധിക്കുന്ന ഏറ്റവും ശരിയായ പ്രസ്താവന

1. വെള്ള നിറം – മുന്നറിയിപ്പില്ലായെന്നും മഴ ഇല്ലായെന്നും സൂചിപ്പിക്കുന്നു.
2. പച്ച നിറം – മുന്നറിയിപ്പ് ഉണ്ടെന്നും വലിയ തോതിൽ മഴ ഉണ്ടെന്നും സൂചിപ്പിക്കുന്നു.
3. മഞ്ഞ നിറം – നിരീക്ഷിക്കുക, മുന്നറിയിപ്പ് പുതുക്കി കൊണ്ടിരിക്കുക, ശക്തമായ മഴ ഉണ്ടാകുമെന്ന് സൂചിപ്പിക്കുന്നു.
4. ഓറഞ്ചു നിറം – ജാഗ്രത പാലിക്കേണ്ടായെന്നും ശക്തമായ മഴയ്ക്ക് സാദ്ധ്യത ഇല്ലായെന്നും സൂചിപ്പിക്കുന്നു.

A) 1 മുതൽ 4 വരെ ശരി
B) 1, 2 ശരി
C) 1, 3 ശരി
D) 2, 4 ശരി

34. പേശികളെ അസ്ഥിയുമായി ബന്ധിപ്പിക്കുന്ന യോജകകല ഏത് ?

A) സ്നായുക്കൾ
B) രക്തം
C) തരുണാസ്ഥി
D) ടെൻഡൻ

35. ജൈവവൈവിധ്യ സംരക്ഷണാർത്ഥം പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന സംരക്ഷണ സംവിധാനമാണ്

A) നാഷണൽ പാർക്കുകൾ
B) വന്യജീവി സങ്കേതകൾ
C) കമ്മ്യൂണിറ്റി റിസർവുകൾ
D) കാവുകൾ

36. ദ്രാവകാവസ്ഥയിലുള്ള യോജകകലയ്ക്ക് ഉദാഹരണം ഏത് ?

A) തരുണാസ്ഥി
B) ടെൻഡൻ
C) നാരുകല
D) രക്തം

37. മനുഷ്യ ശരീരത്തിൽ ഉപാപചയപ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന വിഷവസ്തുവായ അമോണിയയെ വിഷാംശം കുറഞ്ഞ യൂറിയയാക്കി മാറ്റുന്ന അവയവം ഏത് ?

A) വൃക്കകൾ
B) കരൾ
C) ആമാശയം
D) പാൻക്രിയാസ്

38. മുതിർന്ന വ്യക്തികളിൽ സൊമാറ്റോട്രോപ്പിന്റെ അമിത ഉൽപാദനം മൂലം ഉണ്ടാകുന്ന അവസ്ഥ ഏത് ?

A) ക്രെറ്റിനിസം
B) മിക്സെഡിമ
C) അക്രോമെഗാലി
D) ഭീമാകാരത്വം

39. ഉമിനീരിൽ അടങ്ങിയിരിക്കുന്ന ഏത് രാസാഗ്നിയാണ് ഭക്ഷണത്തിലുള്ള സൂക്ഷ്മ രോഗാണുക്കളെ നശിപ്പിക്കുന്നത് ?

A) ലൈസോസൈം
B) സലൈവറി അമിലേസ്
C) പെപ്സിൻ
D) ലിപ്പേസ്

40. പ്രമേഹം ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് കേരള ആരോഗ്യവകുപ്പ് രൂപീകരിച്ച പദ്ധതി ഏത് ?

A) തേൻ അമൃത്
B) മിഠായി
C) ഹൃദ്യം
D) ആർദ്രം

41. 2024-ലെ ലോക പരിസ്ഥിതി ദിന ആഗോള ആഘോഷങ്ങൾക്ക് ആതിഥേയത്വം വഹിച്ച രാജ്യം ഏത് ?

A) സ്വീഡൻ
B) കോട്ട് ഡി ഐവറി
C) കൊറിയ
D) സൗദി അറേബ്യ

42. 1m ഉയരത്തിലുള്ള മേശപ്പുറത്ത് സ്ഥിതി ചെയ്യുന്ന 0.2 kg മാസ്സുള്ള ഒരു ബോക്സിന്റെ സ്ഥിതികോർജം എത്രയായിരിക്കും ? ($g = 10\ m/s^2$)

A) 1 J
B) 0.2 J
C) 2 J
D) 10 J

43. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതിന് കാരണമായ പ്രകാശ പ്രതിഭാസം ഏതാണ് ?

A) പ്രകീർണ്ണനം
B) വിസരണം
C) പൂർണ്ണ ആന്തരിക പ്രതിഫലനം
D) അപവർത്തനം

44. ഫാറൻഹീറ്റ് സ്കെയിലിൽ 32°F താപനിലക്ക് തുല്യമായ സെൽഷ്യസ് സ്കെയിലിലെ താപനില

A) 0°C
B) –273°C
C) 100°C
D) 32°C

45. ഇന്ത്യയിൽ ദേശീയ ബഹിരാകാശ ദിനമായി പ്രഖ്യാപിക്കപ്പെട്ട തീയ്യതി ഏതാണ് ?

A) സെപ്റ്റംബർ 23
B) ആഗസ്റ്റ് 23
C) ജൂലൈ 14
D) ആഗസ്റ്റ് 14

46. സൂര്യനെയും ബാഹ്യവലയങ്ങളെയും കുറിച്ച് പഠിക്കാൻ ഐ. എസ്. ആർ. ഒ. തയ്യാറാക്കുന്ന ദൗത്യത്തിന്റെ പേര്

A) ഗഗൻയാൻ
B) ശുക്രയാൻ – 1
C) ആദിത്യ എൽ – 1
D) മംഗൾയാൻ – 2

47. രാജദ്രാവകം [അക്വാറീജിയ] എന്നാൽ

A) നൈട്രിക്കാസിഡ്, ഹൈഡ്രോക്ലോറിക്കാസിഡ് 1: 3

B) നൈട്രിക്കാസിഡ്, ഹൈഡ്രോക്ലോറിക്കാസിഡ് 3 : 1

C) നൈട്രിക്കാസിഡ്, സൽഫ്യൂറിക്കാസിഡ് 1 : 3

D) നൈട്രിക്കാസിഡ്, ഹൈഡ്രോക്ലോറിക്കാസിഡ് 1: 2

48. ഇന്ത്യയിൽ സീറോ കാർബൺ ആയ നഗരം ഏത് ?

A) കോയമ്പത്തൂർ
B) ലുധിയാന
C) സാഞ്ചി
D) ഡെറാഡൂൺ

49. താഴെപ്പറയുന്നവയിൽ യഥാർത്ഥ ലായനി ഏത് ?

A) പാൽ

B) സോഡിയം അമാൽഗം

C) കഞ്ഞിവെള്ളം

D) ചളിവെള്ളം

50. താഴെപ്പറയുന്നവയിൽ സിങ്ക് ബ്ലെൻഡ് എന്നറിയപ്പെടുന്നത്

A) സിങ്ക് കാർബണേറ്റ്

B) സിങ്ക് ഹൈഡ്രോക്സൈഡ്

C) സിങ്ക് ഓക്സൈഡ്

D) സിങ്ക് സൾഫൈഡ്

51. 2023 രസതന്ത്രത്തിനുള്ള നോബൽ സമ്മാനം താഴെപ്പറയുന്നവയിൽ ഏത് വിഷയവുമായി ബന്ധപ്പെട്ടതാണ് ?

A) ക്ലിക്ക് കെമിസ്ട്രി

B) ക്വാർക്കുകൾ

C) ക്വാണ്ടം ഡോട്ട്സ്

D) പോസിട്രോൺ

52. 'അപ്പുക്കിളി' ഏത് കൃതിയിലെ കഥാപാത്രമാണ് ?

A) ചെമ്മീൻ

B) ധർമ്മപുരാണം

C) ഗുരുസാഗരം

D) ഖസാക്കിന്റെ ഇതിഹാസം

53. 'കീഴ്പ്പടം കുഞ്ഞിക്കണ്ണൻ' ഏത് രംഗത്താണ് പ്രശസ്തി നേടിയത് ?

A) പൂരക്കളി

B) കഥകളി

C) സർക്കസ്

D) ചവിട്ടുനാടകം

54. 'തിക്കോടിയൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ ആര് ?

A) കുഞ്ഞനന്തൻ നായർ

B) അപ്പുക്കുട്ടൻ നായർ

C) കെ. കെ. നീലകണ്ഠൻ

D) കുട്ടിക്കൃഷ്ണ മാരാർ

55. ''പാലിലെ വെണ്ണപോൽ –
ബൈതാക്കി ചൊല്ലുന്നേൻ,
ബാകിയം ഉള്ളോവർ –
ഇതിനെ പഠിച്ചോവർ'' – ഏത് കൃതിയിലെ വരികളാണിവ ?

A) മാപ്പിള രാമായണം

B) കണ്ണശ്ശ രാമായണം

C) മുഹിയുദ്ദീൻ മാല

D) നൂൽ മാല

56. ജ്ഞാനപീഠ പുരസ്കാരം നേടിയ, എസ്. കെ. പൊറ്റെക്കാടിന്റെ രചനയാണ്

A) ഒരു തെരുവിന്റെ കഥ

B) ഒരു ദേശത്തിന്റെ കഥ

C) വിഷകന്യക

D) പാതിരാ സൂര്യന്റെ നാട്ടിൽ

57. 2024-ലെ നോർവെ ചെസ് ചാമ്പ്യൻ ഷിപ്പിൽ മുൻ ലോക ചാമ്പ്യൻ മാഗ്നസ് കാൾസനെ പരാജയപ്പെടുത്തിയ ഇന്ത്യൻ താരം

A) നിഹാൽ സരിൻ
B) കൊണേരു ഹമ്പി
C) വിശ്വനാഥൻ ആനന്ദ്
D) ആർ. പ്രഗ്നാനന്ദ

58. മൺസൂർ ക്രോക്ക്സ് ബയോബ്ലിറ്റ്സ് 2024 പദ്ധതി നടപ്പിലാക്കുന്നതാര് ?

A) തീര സംരക്ഷണ സേന
B) കെ. എസ്. ഇ. ബി.
C) കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം
D) കേരള വനഗവേഷണ കേന്ദ്രം

59. ബൈറ്റ്, കിലോബൈറ്റ്, മെഗാബൈറ്റ്, __________, ടെറാബൈറ്റ് ഇതിൽ വിട്ടുപോയത് പൂരിപ്പിക്കുക.

A) പെറ്റാബൈറ്റ്
B) ഗിഗാബൈറ്റ്
C) സെറ്റാബൈറ്റ്
D) നാനോബൈറ്റ്

60. തന്നിരിക്കുന്ന സോഫ്റ്റ്‌വെയറും അത് ഉണ്ടാക്കിയ കമ്പനിയും ശ്രദ്ധിക്കുക.

i. എഡ്ജ് – മൈക്രോസോഫ്റ്റ്

ii. ഫോട്ടോഷോപ്പ് – മൈക്രോസോഫ്റ്റ്

iii. മാക് ഓപ്പറേറ്റിങ് സിസ്റ്റം – ആപ്പിൾ

iv. ആൻഡ്രോയ്ഡ് – ഗൂഗിൾ

A) i, iv ഇവ മാത്രം ശരിയാണ്

B) i, ii, iii ഇവ മാത്രം ശരിയാണ്

C) ii, iii, iv ഇവ മാത്രം ശരിയാണ്

D) i, iii, iv ഇവ മാത്രം ശരിയാണ്

61. കൂട്ടത്തിൽ ചേരാത്തത് കണ്ടെത്തുക.

A) LAN
B) WAN
C) CAN
D) MAN

62. താഴെ പറയുന്നവയിൽ 'മെറ്റ' എന്ന കമ്പനിയുമായി ബന്ധമില്ലാത്ത സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ഏത് ?

A) ഇൻസ്റ്റഗ്രാം
B) ടെലിഗ്രാം
C) ഫെയ്സ് ബുക്ക്
D) വാട്സാപ്പ്

63. 'ഡീപ്ഫേക്ക്' എന്നാൽ

A) സൈബർ സെക്യൂരിറ്റിക്ക് ഉപയോഗിക്കുന്ന സോഫ്റ്റ്വെയറാണ്
B) വ്യാജചിത്രങ്ങൾ, വീഡിയോ എന്നിവ നിർമിക്കാൻ AI ഉപയോഗിക്കുന്നതാണ്
C) ഒരു കമ്പ്യൂട്ടർ വൈറസാണ്
D) നെറ്റ്വർക്ക് സംരക്ഷണത്തിനുള്ള ഉപകരണമാണ്

64. വിവരാവകാശ നിയമം, 2005 പ്രകാരം സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറിനെ നിയമിക്കുന്നത്

A) സംസ്ഥാനത്തിലെ മുഖ്യമന്ത്രി
B) സംസ്ഥാനത്തിലെ ഗവർണർ
C) പ്രധാനമന്ത്രി
D) പ്രസിഡന്റ്

65. ഉപഭോക്തൃ സംരക്ഷണ നിയമം 2019 പ്രകാരം ഉപഭോക്തൃ സംരക്ഷണയുടെ നിർവചനത്തിൽ ഉൾപ്പെടുത്താത്ത സേവനങ്ങൾ

A) നിസ്വാർത്ഥ സേവനങ്ങൾ
B) ഗതാഗതം
C) വാർത്താ വിതരണം
D) ഇൻഷുറൻസ്

66. ഇവയിൽ ഏതാണ് പട്ടിക വർഗ്ഗക്കാർക്കായുള്ള ദേശീയ കമ്മീഷന്റെ പ്രവർത്തനം അല്ലാത്തത് ?

A) ഭരണഘടന പ്രകാരം പട്ടികവർഗക്കാർക്കായി നൽകിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക.

B) പട്ടികവർഗക്കാരുടെ അവകാശങ്ങളും സംരക്ഷണവും സംബന്ധിച്ച നിർദ്ദിഷ്ട പരാതികൾ അന്വേഷിക്കുക.

C) പട്ടികവർഗ സംരക്ഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിക്കുക.

D) പട്ടിക വർഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശം നൽകുകയും ചെയ്യുക.

67. ഗാർഹിക അതിക്രമത്തിന്റെ നിർവ്വചനത്തിൽ വരുന്ന കാര്യങ്ങൾ ഏതൊക്കെ ആണ് ?

A) മാനസികവും ശാരീരികവും ആയി പരാതിക്കാരിയായ ആളിനെ ഉപദ്രവിക്കുക

B) സ്ത്രീധനം നേടുന്നതിന് പരാതിക്കാരിയുടെ ബന്ധുവിനെ ശല്യം ചെയ്യുക

C) സാമ്പത്തിക ചൂഷണം

D) മുകളിൽ കൊടുത്തിരിക്കുന്നവ എല്ലാം

68. ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം (POCSO Act) നിലവിൽ വന്ന വർഷം

A) 2012 B) 2016 C) 2020 D) 2010

69. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാൻ

A) ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ്

B) ജസ്റ്റിസ് അരുൺ കുമാർ മിശ്ര

C) ജസ്റ്റിസ് എച്ച്. എൽ. ദത്തു

D) ജസ്റ്റിസ് സിറിയക് ജോസഫ്

70. ദേശീയ വനിതാ കമ്മീഷൻ ചെയർമാൻ

A) രേഖ ശർമ്മ B) പി. സതിദേവി

C) മമത കുമാരി D) ഖുശ്ബു സുന്ദർ

71. 840 രൂപ വില്പന വിലയുള്ള തുണിത്തരങ്ങൾ 714 രൂപയ്ക്കു വിൽക്കുമ്പോൾ വരുന്ന ഡിസ്കൗണ്ട് ശതമാനം എത്രയാണ് ?

A) 20%
B) 15%
C) 17%
D) 10%

72. 11 സംഖ്യകളുടെ ശരാശരി 66 ആണ്. ഒരു സംഖ്യ കൂടി ചേർത്തപ്പോൾ ശരാശരി 72 ആയി. ചേർത്ത സംഖ്യ ഏത് ?

A) 138
B) 128
C) 130
D) 100

73. ഒരു ടാങ്ക് നിറയാൻ 3 പൈപ്പുകൾ 1 മണിക്കൂർ 30 മിനിറ്റ് എടുക്കുന്നു. എന്നാൽ 2 പൈപ്പുകൾ ഉപയോഗിക്കുന്നതുവഴി ടാങ്ക് നിറയുവാൻ എത്ര സമയം വേണ്ടി വരും ?

A) 2 മണിക്കൂർ 30 മിനിറ്റ്
B) 1 മണിക്കൂർ 30 മിനിറ്റ്
C) 2 മണിക്കൂർ 40 മിനിറ്റ്
D) 2 മണിക്കൂർ 15 മിനിറ്റ്

74. തന്നിരിക്കുന്ന സമവാക്യത്തിലെ 'K' യുടെ വില എത്ര ?

$2^{K+1} \times 2^5 = 2^7$

A) 1
B) 4
C) 3
D) 2

75. 'A' ജോലി 20 ദിവസമെടുത്തു പൂർത്തിയാക്കുന്നു. 'A' യും 'B' യും കൂടി ഒരുമിച്ചു ആ ജോലി പൂർത്തികരിക്കാൻ 12 ദിവസമെടുക്കുന്നു. എന്നാൽ 'B' മാത്രമായി പ്രസ്തുത ജോലി പൂർത്തീകരിക്കാൻ എത്ര ദിവസമെടുക്കും ?

A) 20 ദിവസം
B) 15 ദിവസം
C) 30 ദിവസം
D) 16 ദിവസം

76. ഒറ്റയാനെ കണ്ടെത്തുക.

A) 25631
B) 52163
C) 33442
D) 34424

77. രാജു 8 കിലോമീറ്റർ വടക്കോട്ട് സൈക്കിൾ യാത്ര ചെയ്തു. പിന്നീട് വലത്തോട്ട് തിരിഞ്ഞ് 2 കിലോമീറ്റർ യാത്ര ചെയ്ത ശേഷം, വീണ്ടും വലത്തോട്ട് തിരിഞ്ഞു 1 കിലോ മീറ്റർ യാത്ര ചെയ്യുന്നു. ഇപ്പോൾ രാജുവിന്റെ യാത്ര ഏതു ദിശയിലാണ് ?

A) തെക്ക് കിഴക്ക്
B) തെക്ക്
C) തെക്ക് പടിഞ്ഞാറ്
D) വടക്ക്

78. 'HELLO' എന്ന വാക്ക് 'KHOOR' എന്ന് കോഡ് ചെയ്യപ്പെടുന്നു. എന്നാൽ 'WORLD' എന്ന വാക്കിന്റെ കോഡ് എന്ത് ?

A) ARGUO
B) GARUO
C) BACGU
D) ZRUOG

79. തന്നിരിക്കുന്ന സംഖ്യാക്രമത്തിലെ 4-ാം മത്തെ സംഖ്യ ഏത് ?

4, 7, 12, ______

A) 19
B) 17
C) 18
D) 14

80. 'A' + എന്ന ചിഹ്നത്തെയും

'B' – എന്ന ചിഹ്നത്തെയും

'C' ÷ എന്ന ചിഹ്നത്തെയും

'D' × എന്ന ചിഹ്നത്തെയും സൂചിപ്പിക്കുന്നു.

എന്നാൽ '18 A 12 C 6 D 2 B 5' എത്ര സൂചിപ്പിക്കുന്നു ?

A) 14
B) 17
C) 15
D) 20

81. The tourist guide along with the tourists ____________ arrived.
A) has B) have C) are D) will be

82. Let's go for a walk, __________ ?
A) shall you B) will you C) shall we D) may we

83. Change to indirect speech :
He says, "I am attending a training".
A) He said that he was attending a training.
B) He says that he was attending a training.
C) He said that he is attending a training.
D) He says that he is attending a training.

84. If I had money, I _____________ the poor.
A) would have helped B) will help
C) would help D) will be helped

85. The doll belongs __________ the child.
A) at B) to C) over D) of

86. Identify the correct spelling.
A) Propreity B) Propriity C) Propreiti D) Propriety

87. The idiom 'bone of contention' means
A) quite worthless B) man of nobility
C) subject of dispute D) very rarely

88. The ______________ of wolves howled at the moon.
A) pack B) pride C) flock D) herd

89. Identify the synonym for 'amendment'.
A) reluctant B) hesitant C) modification D) worsen

90. Identify the antonym for 'deficit'.
A) smudge B) surplus C) reprise D) sippet

91. 'അനപത്യൻ' എന്ന പദത്തിന്റെ അർത്ഥം.

A) സന്തതിയില്ലാത്തവൻ
B) അനാഥൻ
C) ബുദ്ധിയില്ലാത്തവൻ
D) ഏകാന്തത അനുഭവിക്കുന്നവൻ

92. താഴെ പറയുന്നതിൽ ശരിയായ പദം ഏത് ?

A) ഐക്യമത്യം
B) വിമ്മിഷ്ടം
C) സാമ്രാട്ട്
D) കവയിത്രി

93. താഴെ കൊടുത്തിരിക്കുന്നവയിൽ സലിംഗബഹുവചനമേത് ?

A) മിടുക്കർ
B) ശൂദ്രർ
C) പുരുഷന്മാർ
D) അധ്യാപകർ

94. 'ശ്ലോകത്തിൽ കഴിക്കുക' എന്ന ശൈലി കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

A) വേഗത്തിൽ പറയുക
B) ചുരുക്കിപ്പറയുക
C) വിശദീകരിച്ച് പറയുക
D) സാവധാനം പറയുക

95. 'പിഞ്ഞാണവർണം' ശരിയായി വിഗ്രഹിച്ചെഴുതുന്നതെങ്ങനെ ?

A) പിഞ്ഞാണവും വർണവും
B) പിഞ്ഞാണത്തിന്റെ വർണം
C) പിഞ്ഞാണം പോലുള്ള വർണം
D) പിഞ്ഞാണത്തിലെ വർണം

96. 'Put out' എന്ന ശൈലിയുടെ അർത്ഥം.

A) അണക്കുക
B) അത്ഭുതപ്പെടുക
C) തുറക്കുക
D) ചലനമറ്റുപോവുക

97. താഴെ കൊടുത്തിരിക്കുന്നവരിൽ ദ്രൗണി ആര് ?

A) ദ്രോണർ
B) അശ്വത്ഥാമാവ്
C) ദുര്യോധനൻ
D) കർണൻ

98. 'ചിന്മുദ്ര' എന്ന പദം ശരിയായി പിരിച്ചെഴുതിയത് എങ്ങനെ ?

A) ചിൻ + മുദ്ര
B) ചിത്ത് + മുദ്ര
C) ചിത് + മുദ്ര
D) ചിദ് + മുദ്ര

99. 'കേരളപാണിനി' എന്ന അപരനാമത്തിൽ അറിയപ്പെടുന്നതാര് ?

A) എ. ആർ. രാജരാജവർമ്മ
B) രാജാരവിവർമ്മ
C) കേരളവർമ്മ വലിയകോയിത്തമ്പുരാൻ
D) ആറ്റൂർ രവിവർമ്മ

100. താഴെ കൊടുത്തിരിക്കുന്നവയിൽ അക്ഷരത്തെറ്റുള്ള വാക്കേത് ?

A) വിശ്വസ്ഥൻ
B) വിശിഷ്ടൻ
C) ശ്രേഷ്ഠൻ
D) പ്രേഷ്ഠൻ

---